# സ്ഥാനാരോഹണപ്രസംഗം

(നി. വ. ദി. ശ്രീ പീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് 25–1–67–ൽ അങ്കമാലി മെത്രാസനയിടവകയുടെ ഭരണഭാരം ഏറ്റെടുത്തുകൊണ്ട് ആലുവാ തൃക്കുന്നത്തു സെമിനാരിയിൽവച്ചു ചെയ്ത പ്രസംഗം)

ദൈവത്തിന്റെ മഹാകരുണയാൽ അങ്കമാലി ഭദ്രാസനത്തിന്റെ ഭരണസാരഥ്യം വഹിക്കുന്നതിന് നാം വിളിക്കപ്പെടുകയും ഇന്നേദിവസം ഇവിടെ ആഗതനാകുവാനും സിംഹാസനപ്രതിഷ്ഠിതനാകുവാനും ഇടയാക്കുകയും ചെയ്ത ദൈവംതമ്പുരാനെ ആദ്യമായി സ്തോത്രം ചെയ്യുന്നു. ഈ സുന്ത്രോണീസോ നടത്തുകയും ഉപദേശങ്ങളും അനുഗ്രഹാശിസ്സുകളും തന്ന് നമ്മെ ധന്യനാക്കുകയും ചെയ്ത പ. ബാവാതിരുമേനിയോടും, അഭിവന്ദ്യ മെത്രാപ്പോലീത്താതിരുമേനിമാരോടുമുള്ള നമ്മുടെ കടപ്പാടുകളെ നാം അനുസ്മരിക്കുകയും അവരോടുള്ള കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്തുകൊള്ളുന്നു. ഈ ഭദ്രാസനത്തിന്റെ പാരമ്പര്യത്തിനും അന്തസ്സിനും അനുയോജ്യമായവിധം ഒരു സ്വീകരണം നൽകി നമ്മെ ബഹുമാനിച്ച ഈ ഭദ്രാസനത്തിലെ ബഹുമാനപ്പെട്ട അച്ചന്മാരോടും മററു ഭദ്രാസനപ്രതിനിധികളോടും വിശ്വാസികളോടും പ്രത്യേകിച്ച് കാര്യനിർവാഹകസമിതിയോടുമുള്ള നിസ്സീമമായ കൃതജ്ഞതയേയും നാം പ്രകാശിപ്പിക്കുകയും, അവർക്ക് എല്ലാവിധ സ്വർഗ്ഗീയ അനുഗ്രഹങ്ങളും പ്രദാനം ചെയ്യുന്നതിന് സർവ്വശക്തനോട് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## ഒരു പുതിയ അദ്ധ്യായം

അങ്കമാലി ഭദ്രാസനത്തിന്റെ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം ഇന്നാരംഭിക്കുകയാണെന്നു പറയാം. ഈ ഭദ്രാസനത്തിന്റെ ഭരണഭാരം നമ്മെ ഭരമേല്പിക്കണമെന്ന് പ. സുന്നഹദോസ് തീരുമാനിച്ചപ്പോൾ നമ്മെ സംബന്ധിച്ച് അതൊരു അപ്രതീക്ഷിതമായ സംഭവമായിരുന്നു. വൈദികസെമിനാരിയുടെ പ്രവർത്തനങ്ങളുമായി നാം കഴിഞ്ഞുകൂടുമെന്നല്ലാതെ ഉടനെ ഒരു ഭദ്രാസനത്തിന്റെ ചുമതല നമ്മിൽ നിക്ഷിപ്തമാകുമെന്ന് സ്വപ്നേപി വിചാരിച്ചിരുന്നില്ല. കരുത്തനും ശേഷിയാനുമായിരുന്ന മാർ ഗ്രീഗോറിയോസ് തിരുമേനി നിർഭാഗ്യവശാൽ പെട്ടെന്നു കാലംചെയ്തത് നമുക്കെല്ലാവർക്കും ദുസ്സഹമായ ഒരു പ്രഹരമായിരുന്നു. തിരുമേനിയുടെ സ്ഥാനത്ത്, കാര്യശേഷിക്കു തിരുമേനിയുടെ സമീപത്തെങ്കിലും നിൽക്കുവാൻ യോഗ്യതയില്ലാത്ത നമ്മെ സുന്നഹദോസ് നിയമിക്കുമെന്ന് വിചാരിക്കുവാൻ യാതൊരു കാരണവുമില്ലായിരുന്നു. എങ്കിലും ദൈവഹിതം അങ്ങനെയാണെന്നു സുന്നഹദോസിന്റെ ആജ്ഞമൂലം നാം മനസ്സിലാക്കിയപ്പോൾ അതനുസരിക്കയാണല്ലോ നമ്മുടെ ധർമ്മം.

## മഹാരഥന്മാരായ മൂന്നു ചരിത്രപുരുഷന്മാർ

ആലുവാ തൃക്കുന്നത്തു സെമിനാരി എന്നു കേൾക്കുമ്പോൾ മഹാരഥന്മാരായിരുന്ന മൂന്നു ചരിത്രപുരുഷന്മാരുടെ പാവന നാമങ്ങളാണ് നമ്മുടെ മനസ്സിൽ ഉദിക്കുന്നത്. ഈ സെമിനാരിയുടെ സ്ഥാപകനായിരുന്ന കടവിൽ മാർ അത്താനാസ്യോസ് തിരുമേനിയും, പുണ്യശ്ലോകനായ പൗലൂസ് മാർ അത്താനാസ്യോസ് തിരുമേനിയും, അകാലത്തിൽ നമ്മെ വിട്ടുപിരിഞ്ഞുപോയ മാർ ഗ്രീഗോറിയോസ് തിരുമേനിയുമാണവർ. നാളെ മാർ അത്താനാസ്യോസ് തിരുമേനിയുടെ ഓർമ്മപ്പെരുനാൾ നാം ആഘോഷിക്കുകയുമാണ്.

## സഭയുടെ അവിഭാജ്യതയ്ക്കു ലഭിച്ച സുശക്തമായ നേതൃത്വം

മാർ അത്താനാസ്യോസ് തിരുമേനി വടക്കും കാലംചെയ്ത കാതോലിക്കാബാവാ തിരുമേനി തെക്കും നമ്മുടെ സഭയെ ഭരിച്ചുകൊണ്ടിരുന്നത് ദൈവകാരുണ്യത്തിന്റെ പ്രത്യക്ഷലക്ഷണമായി നാം എപ്പോഴും ചിന്തിക്കുക പതിവാണ്. സഭ രണ്ടായി തിരിഞ്ഞ് പരസ്പരം മത്സരിക്കുകയും കേസ്സു നടത്തുകയും ചെയ്ത കാലത്ത് ഈ തിരുമേനിമാർ ഇല്ലായിരുന്നെങ്കിൽ നാം ചിന്നഭിന്നമായിപ്പോകുമായിരുന്നു. ആരാ

ധനീയരായിരുന്ന ഈ തിരുമേനിമാരോട് വ്യക്തിപരമായി ജനങ്ങൾക്ക് അത്യന്തം സ്നേഹവും ആദരവുമുണ്ടായിരുന്നു. കടുത്ത മർദ്ദനങ്ങൾ സമാപരിവർത്തനങ്ങൾക്കുവേണ്ടി നടന്നുകൊണ്ടിരുന്ന കാലത്ത് ഈ തിരുമേനിമാരോടുള്ള ഭക്തിയും സ്നേഹവും സഭാംഗങ്ങളെ നമ്മുടെ പ്രിയപ്പെട്ട സഭയിൽനിന്ന് വ്യതിചലിച്ചുപോകാതെ പിടിച്ചുനിർത്തുവാൻ പര്യാപ്തമായിരുന്നു. അങ്ങനെ മഹനീയമായ വ്യക്തിമാഹാത്മ്യവും ഹൃദയശുദ്ധിയും, സഭാംഗങ്ങളോട് അതിരററ വാത്സല്യവുമുണ്ടായിരുന്ന പൗലൂസ് മാർ അത്താനാസ്യോസ് തിരുമേനിയുടെ ആസ്ഥാനമായിരുന്ന ഈ തൃക്കുന്നത്തു സിമ്മനാരിയിൽ ഈ ഭദ്രാസനത്തിന്റെ ഭരണച്ചുമതല ഏറെറടുക്കുമ്പോൾ നാം സംഭ്രമവിധേയനാകുന്നെങ്കിൽ അതു സ്വാഭാവികമാണ്. പോരെങ്കിൽ നമ്മുടെ ഗ്രീഗോറിയോസ് തിരുമേനിയുടെ പ്രശസ്തമായ ഭരണത്തിനുശേഷം ഉടനെ ആ സ്ഥാനമേററുകൊണ്ടു വരുന്നതും ഭരണപരിചയങ്ങൾ ഇല്ലാത്ത നമുക്ക് ഭീതിജനകമാണ്. എങ്കിലും ഈ ഭദ്രാസനത്തിലെ പല വൈദികരും അത്മായനേതാക്കളും നമ്മെ വന്നുകണ്ടു ധൈര്യപ്പെടുത്തുകയുണ്ടായി. കൂടാതെ പ. സുന്നഹദോസംഗങ്ങളായ നമ്മുടെ സഹോദര മെത്രാപ്പോലീത്തമാരും പ്രത്യേകിച്ച് പ. കാതോലിക്കാബാവാ തിരുമേനിയും നമുക്ക് സന്ദർഭാനുസരണം ഉപദേശങ്ങൾ നൽകി സഹായിക്കുമെന്നു നമുക്കുറപ്പുണ്ട്. സർവ്വോപരി ദൈവത്തിന്റെ കരുണയും നടത്തിപ്പും ബലഹീനനായ നമുക്കുണ്ടായിരിക്കുമെന്നു നാം വിശ്വസിക്കുകയും ചെയ്യുന്നു. നമ്മുടെ ചുമതലകൾ ശരിയായി നിർവഹിക്കുന്നതിനുള്ള അനുഗ്രഹങ്ങൾക്കുവേണ്ടി നിങ്ങൾ പ്രാർത്ഥിക്കണമെന്ന് ഈ സന്ദർഭത്തിൽ നാം അഭ്യർത്ഥിക്കുകയാണ്.

## വൈദികരുടെ സേവനസൗകര്യങ്ങളും വേതനവും

അങ്കമാലി ഭദ്രാസനം നമ്മുടെ സഭയിലെ ഏററവും വലിയ ഭദ്രാസനങ്ങളിൽ ഒന്നാണ്. പുരാതനപ്രസിദ്ധങ്ങളായ പല പള്ളികളും പ്രശസ്തരായ പല വൈദികരും കർമ്മകുശലരായ പല അത്മായപ്രമുഖരും ഭദ്രാസനത്തിലുണ്ട്. നമ്മുടെ സമുദായത്തിന് അഭിമാനിക്കാവുന്ന കോതമംഗലത്തെ രണ്ടു കോളേജുകളും, പല സ്കൂളുകളും ഈ ഭദ്രാസനത്തിലാണ്. ചരിത്രം സൃഷ്ടിച്ചിരിക്കുന്ന ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളജ്, മഹിളാലയം, സെററിൽമെൻറ്, ആലുവാ fellowship house മുതലായ സ്ഥാപനങ്ങൾ ഈ ഭദ്രാസനാതിർത്തികളിൽ സ്ഥിതിചെയ്യുന്നു. നമ്മുടെ മുൻഗാമി മാർ ഗ്രീഗോറിയോസ് തിരുമേനി പുരോഗമനാത്മകമായ പല പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുകയായിരുന്നു. വൈദികരുടെ സേവനവും, വേതനവ്യവസ്ഥകളും സംതൃപ്തികരമല്ലെന്ന് എല്ലാവർക്കും അറിയാവുന്ന ഒരു പരമാർത്ഥമാണ്. മാർ ഗ്രീഗോറിയോസ് തിരുമേനിക്ക് അക്കാര്യത്തിൽ പലതും ചെയ്യണമെന്നാഗ്രഹമുണ്ടായിരുന്നതായും, ചിലതെല്ലാം പ്രവർത്തിച്ചുതുടങ്ങിയതായും കേട്ടിട്ടുണ്ട്. നമ്മുടെ വൈദികരുടെ വിദ്യാഭ്യാസം, സേവന സൗകര്യങ്ങൾ, അവരുടെ ജീവിതച്ചെലവിനു മതിയാകുന്ന വേതനം മുതലായവയിൽ ശ്രദ്ധിക്കാതെ നമ്മുടെ സഭ പുരോഗമിക്കുവാൻ പോകുന്നില്ലെന്നാണ് നമ്മുടെ സുചിന്തിതമായ അഭിപ്രായം. നമ്മുടെ ഈ ഭദ്രാസനത്തിലെ വൈദികരുടെയും ജനങ്ങളുടെയും സഹകരണമുണ്ടെങ്കിൽ ആ വിഷയത്തിന് പ്രഥമ പ്രാധാന്യവും മുൻഗണനയും നൽകുവാൻ നാം ആഗ്രഹിക്കുന്നു.

## പെററിസിമ്മനാരി

പട്ടക്കാരാകുവാനുള്ളവരുടെ അഭ്യസനവും പരിശീലനവും അർഹിക്കുന്ന പ്രാധാന്യത്തോടുകൂടിത്തന്നെ നാം കൈകാര്യം ചെയ്യേണ്ടതാകുന്നു. ബിരുദധാരികൾതന്നെയാണെങ്കിൽപോലും വൈദികപരിശീലനം ലഭിച്ചിട്ടില്ലാത്ത പട്ടക്കാർക്ക് സങ്കീർണ്ണങ്ങളായ പല ആധുനികപ്രശ്നങ്ങളെയും അഭിമുഖീകരിക്കേണ്ടിവരുന്ന ഇന്നത്തെ തലമുറയ്ക്ക് സമർത്ഥമായ നേതൃത്വം നൽകുന്നതിനു സാദ്ധ്യമല്ല. വൈദികപരിശീലനം ആഗ്രഹിച്ച് കൊതിയോടെ നോക്കിപ്പാർക്കുന്ന പല ശെമ്മാശ്ശന്മാരും ഇന്ന് ഈ ഭദ്രാസന ഇടവകയിൽ ഉണ്ട്. സർവ്വകലാശാലാവിദ്യാഭ്യാസത്തിന്റെ കുറവുകൊണ്ട് അവരിൽ പലർക്കും നമ്മുടെ വൈദികസിമ്മനാരിയിൽ പ്രവേശനം ലഭിക്കുന്നതിനു സാദ്ധ്യതയില്ല. അങ്ങനെയുള്ളവർക്കും വേണ്ടത്ര പരിശീലനം കൊടുത്ത് ഉത്തമപട്ടക്കാരാക്കിത്തീർക്കുന്നതിന് ഇടയാകണമെന്നു താൽപര്യമുണ്ട്. അതിനുവേണ്ടി ഒരു Petty Seminary (പെററി സിമ്മനാരി) സൗകര്യമുള്ള സ്ഥലത്ത് മററ് ഇടവകകളോടു സഹകരിച്ച് ഉണ്ടാക്കുന്നതിൽ ഈ ഇടവകയുടെ സത്വരശ്രദ്ധ പതിയേണ്ടതാണ്. നിർല്ലോഭമായ സഹായം അതിനുവേണ്ടി കഴിവുള്ള പള്ളികൾ നൽകുമെന്നാണു നമ്മുടെ വിശ്വാസം.

## സഭയെ ഒന്നായി വീക്ഷിച്ചുകൊണ്ടു പ്രവർത്തിക്കാം

നമ്മുടെ പ്രസംഗം ആരംഭിച്ചതു് ഈ ഭദ്രാസനത്തിന്റെ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം ആരംഭിക്കുകയാണെന്നു പറഞ്ഞുകൊണ്ടാണു്. പുതിയ ഒരു ഇടവക മെത്രാപ്പോലീത്താ ഇവിടെ ഭരണച്ചുമതല ഏറ്റെടുക്കുന്നു എന്നുള്ളതുകൊണ്ടു മാത്രമല്ല ആ നവ്യത. അങ്കമാലി ഭദ്രാസനത്തിന്റെ ചുമതല വഹിച്ചിരുന്ന നമ്മുടെ മുൻഗാമികളെല്ലാം തന്നെ ഈ ഭദ്രാസനത്തിൽപെട്ടവരായിരുന്നു. നാം ആണെന്നു തോന്നുന്നു ഇദംപ്രഥമമായി മറ്റൊരു ഇടവകയിൽനിന്നു് ഇവിടെ മെത്രാപ്പോലീത്തായായി ചുമതല ഏല്ക്കുന്നതു്. നമ്മുടെ ചെറിയ സഭയ്ക്കു് ഭദ്രാസനവ്യത്യാസം ദൂരത്തിന്റെ കാര്യത്തിലൊ സമ്പർക്കസൗകര്യങ്ങളെ സംബന്ധിച്ചൊ നിർണ്ണായകമായ ഒരു ഘടകമല്ല. എല്ലാവരും പരസ്പരം അറിയത്തക്കവിധം വിവിധ ഭദ്രാസനങ്ങൾക്കു സാമീപ്യമുണ്ടു്. എന്നിരുന്നാലും സഭയെ ഒന്നായി വീക്ഷിക്കാതെ എന്റെ പള്ളിയെന്നും എന്റെ ഭദ്രാസനമെന്നും മാത്രം ചിന്തിച്ചുകൊണ്ടുള്ള ഒരു സമീപനമാണു് നാം പലപ്പോഴും കണ്ടുവരുന്നതു്. ഈ Parochialism മാറാതെ സഭയുടെ വികസനം സാദ്ധ്യമല്ല. അതിനുള്ള ഒരു പുതിയ കാൽവെപ്പായിട്ടാണു് കോട്ടയം ഇടവകയിലുള്ള നമ്മെ അങ്കമാലി ഇടവകയുടെ ഭരണഭാരം ഏല്പിക്കുന്ന സംഭവം നാം ദർശിക്കുന്നതു്. ഒരു ഭദ്രാസനത്തിനു് അതിന്റെ സ്വന്തമായ കാര്യങ്ങളിൽ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ടു്. അതോടൊപ്പം സഭയെ ഒന്നായി കാണുകയും സഭയുടെ പൊതുവായ കാര്യങ്ങളിൽ സഹകരിക്കുകയും ചെയ്യേണ്ടതുണ്ടു്. പൊതുസഭയെ വിട്ടു് ഒരു ഭദ്രാസനത്തിനോ ഇടവകയ്ക്കോ പല കാര്യങ്ങളിലും തനിയെ നില്ക്കുക സാദ്ധ്യമല്ല. സഭയെ പൊതുവായി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ വരുമ്പോൾ ഒറ്റപ്പെട്ടുള്ള നില അപകടകരമായിരിക്കും.

## സഭ ലോകത്തിനു നേതൃത്വം നൽകണം

സാമൂഹ്യസ്ഥിതിയിലും രാഷ്ട്രീയ രംഗങ്ങളിലും ലോകം ഇന്നു വലിയൊരു പരിവർത്തനത്തെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു. ആസ്തിക്യബോധത്തിന്റെയും മതത്തിന്റെയും നേരെ വെല്ലുവിളികൾ ഉയരുന്നു. മനുഷ്യനു് അഭിമുഖീകരിക്കേണ്ടിവരുന്ന പ്രശ്നങ്ങൾക്കു് ഉത്തരം കൊടുപ്പാൻ കഴിയാതെവരുന്ന ഒരു മതത്തിനും സഭയ്ക്കും നിലനില്പുണ്ടാകയില്ല. ലോകം സഭയെ തട്ടിയിട്ടിട്ടു് മുമ്പോട്ടുപോകാതെ സഭ ലോകത്തിനു നേതൃത്വം കൊടുക്കണം. മതവും സഭയും സമകാലീനപ്രശ്നങ്ങളെപ്പറ്റി ചിന്തിക്കുകയും പഠിക്കുകയും ആധികാരികമായി പോംവഴികൾ നിർദ്ദേശിക്കുകയും വേണം. ദൈവം സൃഷ്ടിച്ച ലോകമാണിതു്. ഉല്പത്തിപുസ്തകത്തിൽ പറയുന്നതുപോലെ ദൈവം സൃഷ്ടിച്ചിട്ടു് നല്ലതെന്നു കണ്ട ലോകമാണിതു്. ദൈവഹിതം ഈ ലോകത്തിൽ നടക്കണമെന്നു നാം എന്നും പ്രാർത്ഥിക്കുന്നുണ്ടല്ലൊ. ദൈവം മനുഷ്യനായി പദാർത്ഥരൂപമായി അവതരിച്ചതു് ഈ ലോകത്തിലേക്കാണു്. അതുകൊണ്ടു് ലോകത്തിലെ എല്ലാ പ്രശ്നങ്ങളിലേക്കും, രാഷ്ട്രീയമായാലും ശരി, സാമൂഹ്യമായാലും ശരി, സഭയുടെ ശ്രദ്ധ തിരിയേണ്ടതാണു്. ദൈവം സൃഷ്ടിച്ച ഈ ലോകം നന്നായി, ദൈവതിരുഹിതമനുസരിച്ചു് ഭരിക്കപ്പെടുന്നതിനു് എല്ലാ ക്രിസ്ത്യാനികളും ആഗ്രഹിക്കേണ്ടതാണു്; പ്രാർത്ഥിക്കേണ്ടതാണു്; പ്രവർത്തിക്കേണ്ടതാണു്. രാഷ്ട്രീയമണ്ഡലത്തിൽ ക്രിസ്തുമതം നൽകിയിട്ടുള്ള ഏറ്റവും വലിയ സംഭാവന Democracy ആണെന്നു പറയുകയാണെങ്കിൽ അതൊരതിശയോക്തിയായിരിക്കുകയില്ല. ഭാരതം ഇന്നു പല പ്രശ്നങ്ങളെയും അഭിമുഖീകരിക്കുന്നുണ്ടെങ്കിലും ഭരണഘടനാപ്രകാരം ഉത്തമമായ ഡെമോക്രസിയുടെ രാജ്യമാണു് ഭാരതം. ഈ നില നിലനിർത്തിക്കൊണ്ടു പോകുന്നതിനും സൽഭരണം രാജ്യത്തുണ്ടാകുന്നതിനും ക്രിസ്ത്യാനികൾക്കുള്ള ചുമതല അവർ വിസ്മരിക്കുന്നതു് അപകടകരമായിരിക്കും.

## പള്ളികളുടെ ധനം പൊതുനന്മയ്ക്കുവേണ്ടി വിനിയോഗിക്കണം

വളരെ അധികം ധനം കേന്ദ്രീകരിച്ചിട്ടുള്ള പള്ളികൾ അവയുടെ ധനം പൊതുനന്മയ്ക്കുവേണ്ടി ചിലവഴിക്കുന്ന ഒരു പാരമ്പര്യം നമുക്കു വളർത്തിയെടുക്കേണ്ടതു് നമ്മുടെ കർത്താവിന്റെ കല്പനകളെ പാലിക്കുന്നതിനാവശ്യമാകുന്നു. ആദിമസഭയെപ്പറ്റി അപ്പൊസ്തോലപ്രവൃത്തികളിൽ പറയുന്നതു് 'അവരുടെ ഇടയിൽ മുട്ടുണ്ടായിരുന്നവർ ആരും ഉണ്ടായിരുന്നില്ല' എന്നാണു്. നമ്മുടെ പല പള്ളിക്കാരും ഇതു വീണ്ടും വീണ്ടും വായിക്കേണ്ടതാണു്.